പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4774

18/12/2014 ൽ
മറുപടിയ്ക്ക്

## അടംച്ചുട്ടി കുന്നിലെ കുടികിടപ്പുകാർക്ക് പട്ടയം

| ചോദ്യം<br>ശ്രീ.ബാബു എം. പാലിശ്ശേരി | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| എ) തൃശ്ശൂർ ജില്ല - തലപ്പിള്ളി താലൂക്കിലെ കുന്നംകുളം, ചൊവ്വന്നൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു കിടക്കുന്ന അടംച്ചുട്ടി കുന്നിലെ കുടികിടപ്പുകാർക്ക് നാളിതുവരെ പട്ടയം അനുവദിച്ചു നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇവർക്ക് പട്ടയം അനുവദിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; | ബി) | ബി.ടി.ആർ പ്രകാരം ശ്മശാന പുറമ്പോക്ക് ഭൂമിയായതിനാൽ നഗരപാലികാ നിയമപ്രകാരം കുന്നംകുളം നഗരസഭയുടെ അധീനതയിൽ വരുന്നതാകയാൽ റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷേപം ചെയ്ത് ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തേണ്ടതുണ്ട്. |
| സി) വർഷങ്ങളായി ഇവിടെ താമസിച്ചു വരുന്നവർക്ക് പട്ടയം ലഭ്യമല്ലാത്തതിനാൽ സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളും മറ്റും ലഭ്യമാകുന്നില്ല എന്നത് കണക്കിലെടുത്ത് കഴിവതും വേഗത്തിൽ പട്ടയം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | സി)<br>യും<br>ഡി)<br>യും | പ്രസ്തുത ഭൂമി നഗരസഭയിൽ നിക്ഷിപ്തമായതിനാൽ സർക്കാരിലേക്ക് പുനർനിക്ഷിപ്തമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു. |
| ഡി) സ്വീകരിക്കുമെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ